# വ്യാജമിഠായികൾ

**സി.ഡി. സുനീഷ്**

വയനാട്ടിലെ ആരോഗ്യവകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കർത്തവ്യമെന്താണെന്ന് ജനങ്ങൾ പഠിപ്പിക്കേണ്ടതായി വരുമോ? ഹോട്ടലുകളിലേയും പൊതുവിപണികളിലേയും ഭക്ഷ്യവസ്തുക്കൾ ആരോഗ്യകരമാണ്, സുരക്ഷിതമാണ് എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തത്തിൽ നിന്നും ഈ വരത്തൻ ഉദ്യോഗസ്ഥന്മാർ (താഴെ നിന്നുവരുന്ന ഉദ്യോഗസ്ഥർക്ക് വയനാട്ടിൽ എന്ത് നടന്നാലെന്ത്) പിന്മാറിയ മാതിരിയുണ്ട് ഈയിടെയുണ്ടായ സംഭവങ്ങൾ.

മാനന്തവാടിക്കടുത്ത് അഞ്ചുകുന്ന് ഗാന്ധിമെമ്മോറിയൽ യു.പി. സ്കൂളിലെ ആറു കുട്ടികൾ ഈയിടെ വ്യാജമിഠായികൾ കഴിച്ച് ആശുപത്രിയിലായി.

നിലവാരം കുറഞ്ഞതും മണപ്പിച്ചാൽ തന്നെ തല കറങ്ങുന്നതുമായ മിഠായികൾ വയനാടൻ ഗ്രാമങ്ങളിൽ പ്രത്യേകിച്ചും സ്കൂൾ പരിസരങ്ങളിലെ പെട്ടിക്കടകളിൽ വ്യാപകമായതോടെയാണ് അഞ്ചുകുന്ന് സ്കൂളിലെ കുട്ടികൾ ഈ വിപത്തിനിരയായത്.

ഏറെ നാളായി വ്യാജമിഠായികൾ വിറ്റഴിക്കാൻ തുടങ്ങിയിട്ട്. കമ്പനി പേരോ, വിലാസമോ, എം.എഫ്.ജിയോ തീയതിയോ ഇല്ലാതെ പല നിറങ്ങളിൽ ക്രിക്കറ്റ്/സിനിമാതാരങ്ങളുടെ വർണ്ണചിത്രങ്ങളുമായി വിപണിയിലിറങ്ങുന്ന ഈ വ്യാജമിഠായികൾ പ്രധാനമായും അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്.

സാക്രീനും നിരോധിച്ച നിറങ്ങളും കൃത്രിമ രാസപദാർത്ഥങ്ങളുമായി നിർമ്മിക്കുന്ന ഇവ നാവിൽ വെച്ച് രുചിച്ചാൽ തരിപ്പനുഭവപ്പെടുകയും ഛർദ്ദിക്കാൻ തോന്നുകയും ചെയ്യും. ഒരു രൂപയ്ക്ക് 10 മിഠായികൾ വരെ ലഭിക്കുമെന്നതിനാൽ ഇത് കുട്ടികളെ ഏറെ ആകർഷിക്കുന്നു.

സഹികെടുമ്പോൾ പത്രങ്ങളിൽ പ്രാദേശിക പേജിൽ വരുന്ന വ്യാജമിഠായികളെ കുറിച്ചുള്ള വാർത്ത വന്നാൽ ഒരു ദിവസം സടകുടഞ്ഞുണർന്ന് ഹെൽത്ത് ഇൻസ്പെക്ടർമാർ റെയ്ഡ് നടത്തും. ഇതൊരു പ്രതീകാത്മകപരിപാടിയായി ഒടുങ്ങുകയും ചെയ്യും.

കുട്ടികളുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന ഇത്തരം വ്യാജമിഠായികൾ വിൽക്കുന്ന വ്യാപാരികളെ ബഹിഷ്കരിക്കാൻ നാട്ടുകാരും രക്ഷിതാക്കളും തയ്യാറാകുമോ? ജനകീയാരോഗ്യത്തിൽ യാതൊരു ജാഗ്രതയുമില്ലാത്ത ആരോഗ്യവകുപ്പിനെ ഖജനാവിൽ നിന്നും കാശുമുടക്കി എന്തിന് സംരക്ഷിക്കണമെന്ന് വോട്ടർമാർ ചോദിച്ചുതുടങ്ങുമോ? ജനകീയാരോഗ്യസംരക്ഷണത്തിന്റെ ഓരോ ചുവടും നടന്നുതുടങ്ങിയാലേ നമ്മുടെ തലമുറയുടെ ഭാവി സുരക്ഷിതമാകൂ.